പ്രവൃത്തിയുടെയും അടങ്കൽ തുകയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും നിരത്ത്, ദേശീയപാത, കെട്ടിട വിഭാഗങ്ങൾ തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.

കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാന പാത അഭിവൃദ്ധിപ്പെടുത്തൽ

260 (4011) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാന പാത അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രോജക്ടിൽ എന്തൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) എഗ്രിമെന്റ് വ്യവസ്ഥപ്രകാരം, പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തീകരിച്ച് നൽകേണ്ടത്; നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി ഏത് വരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന കാസർഗോഡ് കാഞ്ഞങ്ങാട് സംസ്ഥാന പാതയുടെ പ്രവൃത്തിയുടെ കരാർ തുക 133.06 കോടി രൂപയാണ്.

(ബി) നിലവിലുള്ള പാതയുടെ വീതി കൂട്ടിയുള്ള വികസനം, റോഡിന്റെ ഉയർച്ച താഴ്ച ക്രമീകരണം, റോഡ് ജ്യോമെട്രിക്സ് ഇംപ്രൂവ് ചെയ്യുക, ഓടകളുടെയും കലുങ്കുകളുടെയും നിർമ്മാണം, സമാന്തര ചിത്താരി പാലത്തിന്റെ നിർമ്മാണം, റോഡ് മാർക്കിംഗ്, വയഡക്ട് നിർമ്മാണം, റോഡ് ജംഗ്ഷനുകളുടെ നിർമ്മാണം, റോഡ് മാർക്കിംഗ്, സൈൻ ബോർഡ് സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 26-3-2016-ലാണ്. നിലവിൽ 28 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്.

സെൻട്രൽ റോഡ് ഫണ്ട്

261 (4012) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിലേക്ക് സർക്കാർ എത്ര റോഡുകളാണ് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ കോഴിക്കോട് ജില്ലയിൽ നിന്ന് ഏതെല്ലാം റോഡുകളാണുള്ളത്;

(സി) ഇവയ്ക്ക് എന്ന് അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം സി.ആർ.എഫ്. പദ്ധതിയിൽ ശുപാർശകൾ ഒന്നും സമർപ്പിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി 3 പാലങ്ങളും 16 റോഡുകളും ഉൾപ്പെടുത്തിയ ലിസ്റ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ നിന്നും ഇടവഴിക്കടവ്-കൂട്ടക്കടവ്-കണ്ണഞ്ചേരിതാഴം-ചെറുവാടി റോഡ് (2.5 കി.മീ. 2 കോടി) ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ലിസ്റ്റ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

മണ്ടനക്കാട് ഫുട് ബ്രിഡ്ജിന്റെ നിർമ്മാണം

262 (4013) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള മണ്ടനക്കാട് ഫുട് ബ്രിഡ്ജിന്റെ നിർമ്മാണത്തിന് സി.പി.ആർ. സമർപ്പിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ സി.പി.ആർ. പ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഡി) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) മഞ്ഞനക്കാട് ഫുട് ബ്രിഡ്ജിന്റെ നിർമ്മാണത്തിന് വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു. ആയത് ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly